# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 250 06.01.2014-ൽ മറുപടിയ്ക്ക്

## സോളാർ തട്ടിപ്പ് കേസിലെ പ്രതികളുടെ മൊഴി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സോളാർ തട്ടിപ്പ് കേസ് അന്വേഷണ സംഘം പ്രതികളായ ശ്രീമതി. സരിത, ശ്രീ. ബിജു രാധാകൃഷ്ണൻ എന്നിവരെ എത്ര തവണ ഏതെല്ലാം സ്ഥലത്ത് വെച്ച് ചോദ്യം ചെയ്യുകയുണ്ടായി; ചോദ്യം ചെയ്യൽ വേളകളിൽ ശ്രീമതി.സരിതയും ശ്രീ. ബിജു രാധാകൃഷ്ണനും വെളിപ്പെടുത്തിയ എല്ലാ കാര്യങ്ങളും അന്വേഷണസംഘം റെക്കാർഡ് ചെയ്തിട്ടുണ്ടായിരുന്നുവോ; റെക്കാർഡ് ചെയ്യാത്ത ഏതെങ്കിലും വെളിപ്പെടുത്തലുകൾ ഉണ്ടോ;എങ്കിൽ ഏതെല്ലാം സ്ഥലത്ത് വെച്ച് ശേഖരിച്ചവ;വിശദാംശം ലഭ്യമാക്കുമോ;<br><br>(ബി) ശ്രീമതി. സരിതയുടെ റെക്കാർഡ് ചെയ്യപ്പെട്ട വെളിപ്പെടുത്തലുകൾ എല്ലാം അന്വേഷണ സംഘത്തിന്റെ കസ്റ്റഡിയിൽ തന്നെയുണ്ടോ; എല്ലാ വെളിപ്പെടുത്തലുകളും കേസ് ഡയറിയുടെ ഭാഗമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ;എന്തു കൊണ്ട്;<br><br>(സി) മുഖ്യമന്ത്രി, ആഭ്യന്തര വകുപ്പ് മന്ത്രി, കേന്ദ്ര സഹമന്ത്രി, പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ ഇവരിൽ ആർക്കെല്ലാം എതിരെ മൊഴികൾ ഉണ്ടായിട്ടുണ്ട്; അവ കേസ് ഡയറിയുടെ ഭാഗമായിട്ടുണ്ടോ; വിശദമാക്കുമോ? | (എ) & (ബി) & (സി) അന്വേഷണത്തിന്റെ ഭാഗമായി കോടതി ഉത്തരവുകൾ അനുസരിച്ച് ഓരോകേസിലും സരിത, ബിജുരാധാകൃഷ്ണൻ എന്നീ പ്രതികളെ അന്വേഷണ ഉദ്യോഗസ്ഥൻ ചോദ്യം ചെയ്തിട്ടുണ്ട്. കുറ്റകൃത്യങ്ങളുടെ സ്വഭാവം കണക്കിലെടുത്ത് ക്രിമിനൽ പ്രൊസീഡിയർ കോഡിലെ വ്യവസ്ഥകളുടെ വെളിച്ചത്തിൽ പ്രസക്തമായ തെളിവുകൾ ശേഖരിക്കുകയാണ് ചോദ്യം ചെയ്യലിലൂടെ നടത്തിയിട്ടുള്ളത്. അപ്രകാരം രേഖപ്പെടുത്തിയ മൊഴികൾ കോടതികളിൽ സമർപ്പിച്ചിട്ടുള്ളതാണ്. കോടതികളുടെ പരിഗണനയിലുള്ള കേസുകളായതിനാൽ കൂടുതൽ വിശദാംശങ്ങൾ നൽകുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ